# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ *148

02.07.15 ലെ
മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.ജി.സുധാകരൻ<br>ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനവിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലുള്ള ഘടനയിൽ കേന്ദ്രസർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ; | എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം ബി.കെ ചതുർവേദി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 147-ൽ നിന്നും 66 എണ്ണമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 14ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ തുടർച്ചയായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ നടത്തിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുന:ക്രമീകരണത്തിനും ഫണ്ടിംഗ് പാറ്റേണിന്റെ തീരുമാനത്തിനും മറ്റുമായി മുഖ്യമന്ത്രിമാരുടെ ഒരു സബ് ഗ്രൂപ്പ് മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നീതി ആയോഗിൽ രൂപീകരിച്ചിട്ടുണ്ട്. |
| ബി) നിലവിൽ സംസ്ഥാന വിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; | ബി) നിലവിൽ സംസ്ഥാന വിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. |

(സി) ഇവയിൽ സംസ്ഥാന വിഹിതത്തിന്റെ കൃത്യമായ നീക്കിയിരുപ്പ് നടത്താത്തതുമൂലം അവതാളത്തിലായ പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ ;

(സി) സംസ്ഥാന വിഹിതത്തിന്റെ കൃത്യമായ നീക്കിയിരുപ്പ് നടത്താത്തതിനാൽ പദ്ധതികളുടെ നടത്തിപ്പിൽ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിട്ടില്ല

(ഡി) കേന്ദ്രസർക്കാറിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രസ്തുത സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനക്രമീകരണത്തിലും, ഫണ്ടിംഗ് പാറ്റേണിലും അന്തിമ തീരുമാനം ആയ ശേഷമേ പദ്ധതികളുടെ നടത്തിപ്പിനെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ.

Bijumon

സെക്ഷൻ ഓഫീസർ